# നാഷണൽ എൽ പി സ്കൂൾ ഒഴക്കോടി

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026



# നമ്മുടെ അധ്യാപകർ



ഷിജീഷ് എം. ബി (പ്രധാനാധ്യാപകൻ)



നിഖിൽ എൻ



മീനു ജനാർദ്ദനൻ



ആതിര പി. ജെ



ഹരിത ചന്ദ്രൻ

# ആമുഖം

കേരളീയ സമൂഹം നേടിയെടുത്ത ഗുണപരമായ മാറ്റങ്ങളെ നിലനിർത്താനും തുടർച്ച കൈവരിക്കാനും പൊതുവിദ്യാലയങ്ങൾ കരുത്ത് ആർജിക്കണം. ഇന്നുവരെ കിട്ടിയ ഊർജ്ജം ഒരാവേശമായി ഉൾക്കൊണ്ട് നമ്മുടെ സ്ഥാപനത്തെ ഉയർച്ചയിലേക്ക് നയിക്കാൻ സമഗ്ര ഗുണമേന്മ പ്രവർത്തനങ്ങൾ ഉൾക്കൊണ്ടു മുന്നേറാനും നമുക്ക് കഴിയണം ഇതിനായി അക്കാദമിക പ്രവർത്തനങ്ങൾ മുറുകെപ്പിടിച്ച് സമൂഹവുമായി നല്ലൊരു ബന്ധം സ്ഥാപിച്ച് യാത്ര തുടരണം.

ഇതിനായി രക്തവും കൃത്യവുമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്ക് അനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ച് കുട്ടികളുടെ ഭൗതിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഇതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

## വിദ്യാലയ ചരിത്രം

അജ്ഞതയും ജാതീയതയും നിരക്ഷരതയും കൊടികുത്തി വാണിരുന്ന 65 ആണ്ടുകൾക്ക് മുമ്പ് ഒരു കൂട്ടം വീക്ഷണശാലികളായ പൂർവികർ മുൻകൈയെടുത്ത് ഒഴക്കോടി എന്ന ഗ്രാമത്തിൽ അക്ഷരം എത്തിക്കാൻ നടത്തിയ ശ്രമത്തിന്റെ സാക്ഷാത്കാരമായിരുന്നു ഒഴക്കോടി നാഷണൽ എൽ പി സ്കൂൾ. അറിവ് കിട്ടാതെ ഊഷരമായി കിടന്ന ഗ്രാമത്തിലേക്ക് അറിവിന്റെ വെളിച്ചമാകാൻ ഗ്രാമത്തിനു കഴിഞ്ഞു. നാരായണൻ നായർ, കുറുപ്പ് മാസ്റ്റർ തുടങ്ങി പ്രശസ്തരായ ഗുരുക്കന്മാർ അക്ഷരവെളിച്ചം പകർന്നു പിറവികൊണ്ട നാൾ മുതൽ മഹത്തുക്കളായ നിരവധി പേർക്ക് ദിവ്യ കൊണ്ട് അനുഗ്രഹം ചൊരിയാൻ വിദ്യാലയത്തിനായി. നിരവധി നിരക്ഷരരായ ഗ്രാമീണരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിച്ചു. പിന്നോക്കക്കാരായ ആദിവാസി വിഭാഗത്തിൽപ്പെട്ട ഒട്ടനവധി വിദ്യാർത്ഥികൾക്ക് മികച്ച രീതിയിൽ പഠനത്തിൽ മുന്നേറാൻ അവസരം ഒരുക്കി എന്നത് അഭിമാനഹമാണ്. വിദ്യാഭ്യാസ വകുപ്പിന്റെയും മുനിസിപ്പാലിറ്റിയുടെയും നാട്ടുകാരുടെയും പൂർണ സഹകരണം വിദ്യാലയത്തിന് ലഭിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : നാഷണൽ എൽ പി സ്കൂൾ ഒഴക്കോടി

മേൽവിലാസം: വിമലനഗർ( പി ഓ) ഒഴക്കോടി മാനന്തവാടി

ഫോൺ : 9633949482

സ്കൂൾ കോഡ്: 15406

വിദ്യാഭ്യാസ ഉപജില്ല: മാനന്തവാടി

ബി ആർ സി: മാനന്തവാടി

ജില്ലാ പഞ്ചായത്ത്: വയനാട്

നിയമസഭാ മണ്ഡലം: മാനന്തവാടി

ലോകസഭാ മണ്ഡലം: വയനാട്

ഈ മെയിൽ വിലാസം :nlpsozhakkody@gmail.com

ഫെയ്സ്ബുക്ക് ഐഡി: NLPS Ozhakkody

ഇൻസ്റ്റഗ്രാം ഐഡി: NLPS Ozhakkody

സ്കൂൾ വിക്കി : nlps Ozhakkody

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ച എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കുവാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക

3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനം ലഭ്യമാക്കും

4. വായന ഒരു സാംസ്കാരികമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

5. ആധുനിക സാങ്കേതിക വ്യത്യാസ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പരനാനഭങ്ങൾ കുട്ടിക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനിക വൽക്കരിക്കും

7. ഓരോ ടൈമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പിടിഎ/ കോർണർ 8. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ട് ആയി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ് ആർ ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും അപകർഷത ബോധം ഒഴിവാക്കി 'ആക്റ്റീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കും

11. ജൈവ വൈവിധ്യ കലവറായി വിദ്യാലയത്തെ മാറ്റുക

12. മാലിന്യം മുക്ത വിദ്യാലയം, ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥിസംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക് ആയി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

16. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ

# ഭാഷാ വികസനം

ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗാത്മക രചനയ്ക്ക് അവസരം നൽകുക.

5. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

# ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ആസ്യ അവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

7. ക്ലാസ് തല വായനാമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക

8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണം വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസര പഠനം

ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക. ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

## ഗണിതം

അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക. ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

വിവരസാങ്കേതികവിദ്യയെ ഫലപ്രദമായ പ്രയോജനപ്പെടുത്തുക. അറിവ് നിർമാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തിപരിചയം

1. നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനകരമായ ഉൽപ്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവർത്തി പരിചയത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മ കഴിവുകൾ കണ്ടെത്തുക.
2. കലാഭി രുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.

4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.

5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത്  ക്ഷ്യം കൈവരിക്കുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

3. ആരോഗ്യ ശീലങ്ങൾ വളർത്തുക.

4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5. സ്കൂൾ മാലിന്യക്തമാക്കുക. ഹരിതാഭമാക്കുക

# വിലയിരുത്തൽ രേഖപ്പെടുത്തൽ അക്കാദമികമോണിറ്ററിങ്

## അക്കാദമിക മോണിറ്ററിങ്(Academic Monitoring)

വിദ്യാർത്ഥികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം. ക്ലാസ്സ് മുറിയിലെ ഇടപെടലുകൾ കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിങ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുന:സംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

പ്രവർത്തനലക്ഷ്യങ്ങൾ

* വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
* അധ്യാപകരുടെ ആസൂത്രണത്തിന്റെയും classroom ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
* കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ്സ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
* ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
* വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA,HM,SMC,SSK)പ്രോത്സാഹിപ്പിക്കുക.

പ്രതിവാര അവലോകനം :

* നിരന്തരവും, കുട്ടികളുടെ പ്രവർത്തനങ്ങളും, അദ്ധ്യാപകരുടെ ആസൂത്രണം,ക്ലാസ്സ് അന്തരീക്ഷം എന്നിവയുടെ Report.
* Block, ജില്ലാതല അവലോകന യോഗങ്ങൾ മുഘേന സംവാദം.

വിലയിരുത്തൽ

* HELP 2025 പ്രകാരം ഓരോ യൂണിറ്റും സൂക്ഷ്മനിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
* കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.

* റിഡേഴ്സ് തീയറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, Activity based അധ്യാപനം.
* അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

വികാസപ്രദ വിലയിരുത്തൽ (Formative assessment)എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്.പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചകേന്ദ്രമാണിത്.കുട്ടിയുടെ അറിവ്, പങ്കാളിത്തം ,ആശയവിനിമയം,ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ട് പോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. KCF 2023 ന്റെ അടിസ്ഥാനത്തിൽ പഠനത്തെ ശരിയായ രീതിയിൽ വളർത്താൻ വിലയിരുത്തലാണ് വേണ്ടത്.

## സമഗ്രപുരോഗതി രേഖ (Holistic progress card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമുഖ മേഖലാപരമായ പ്രകടനമാണ്. അത്തരം വളർച്ചയെ
ശാസ്ത്രീയമായി രേഖപ്പെടുത്താനും രേഖീകരണം തുടർന്നുള്ള അദ്ധ്യയനത്തിനും പിന്തുണ നൽകുന്നതും വേണം സമഗ്രപുരോഗതി രേഖ രേഖപ്പെടുത്തുന്ന ലക്ഷ്യംഇതാണ്. ഇതിനെ പഠനത്തെ ഒരുക്കുന്നതിനും, കുട്ടിയുടെ
പരീക്ഷാപരമായ കഴിവുകൾ, സാമൂഹികപരമായ ചെയ്യാനുമൊക്കെയുള്ള സ്കൂൾ പഠനപരമായ കഴിവുകൾ, മാനസികമായിട്ടുള്ള രീതികൾ ഇവ തുടങ്ങിയവയെ സമഗ്രമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ കുട്ടിക്കും ലഭ്യമായി പുതുക്കപ്പെടുകയും അടുത്ത ക്ലാസ്സിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

പ്രവർത്തന ലക്ഷ്യങ്ങൾ :

* കുട്ടിയുടെ ബഹുമുഖമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
* ബുദ്ധിമുട്ടുകളും തിരിച്ചറിയുകയും
  അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
* അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തണം.
* തുടർചയായ അദ്ധ്യയനത്തിന് ശാസ്ത്രീയത നൽകുക.
* പാഠയപദ്ധതികൾ, പഠനശൈലികൾ, അദ്ധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

പ്രവർത്തന ഘട്ടങ്ങൾ:

* രേഖയുടെ രൂപരേഖ തയ്യാറാക്കൽ :

* പ്രധാന മേഖലകൾ:
  * വൈജ്ഞാനികം (Academic)
  * വൈകാരികം (Emotional)
  * സാമൂഹികം (Social)
  * ശാരീരികം (Physical)
  * മാനസികം (Mental)
* ആചരണ പൂർണ്ണത / മൂല്യബോധം
* ആശയവിനിമയ ക്ഷമത
* സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം.

* വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ :
  * ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  * അദ്ധ്യാപിക കമന്റുകൾ / PTA വിലയിരുത്തൽ.
* ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
* കാലക്രമാനുസൃതമായ രേഖപ്പെടുത്തൽ :
  * മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  * കുട്ടികളുടെ സ്വഭാവ വ്യത്യാസങ്ങൾ,വളർച്ചാ നടവുകൾ എന്നിവ

ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
* പുതിയ ക്ലാസ്സിലേക്ക് കൈമാറ്റം.

പഠനപ്രക്രിയ വിലയിരുത്തൽ :

പ്രവർത്തന പങ്കാളിത്തം

* പ്രവർത്തനം ഏറ്റെടുത്തു?
* ഗ്രൂപ്പിൽ പ്രവർത്തിച്ചു?
* ആശയം പങ്കുവെച്ചു?

ആശയധാരണ :

* ഉള്ളടക്കം മനസ്സിലാക്കിയിരുന്നു?
* അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?

പ്രക്രിയ ശേഷി വിലയിരുത്തൽ :

* മുൻധാരണ എന്തെല്ലാമായിരുന്നു?

* പുതിയ പ്രക്രിയശേഷികൾ വിജയകരമായി കൈവരിച്ചോ?

പ്രകടനം/ അവതരണം :

* ഗ്രൂപ്പ് പ്രവർത്തനത്തിന് ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
* താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവ്വമായി വിശദീകരിച്ചു?

രേഖപ്പെടുത്തൽ:

* പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
* അതിനുള്ള ആകൃതിയും അതിന്റെ ഉള്ളടക്കം മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണ മാണ്?
* ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?വിലയിരുത്തൽ മാർഗ്ഗങ്ങൾ :

* നിരീക്ഷണം( Observation)

    അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.

* അഭിമുഖം (Interview)

    കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.

* റേറ്റിംഗ് സ്കെയിൽ

    പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ ഒന്നുമുതൽ അഞ്ചുവരെ സ്കോർ ചെയ്യുക.

* കേസ് സ്റ്റഡി/ സ്കെച്ചുകൾ / ഡയറി നോട്ടുകൾ:

    വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.

* സ്വയം വിലയിരുത്തൽ ഫോറങ്ങൾ:

    കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

* പോർട്ട് ഫോളിയോ വിലയിരുത്തൽ

    പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട് പോളിയോ രൂപത്തിൽ നിക്ഷേപിക്കുക.




പ്രവർത്തനം : 1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിയ്ക്കു മുന്നിൽ കുട്ടികൾക്ക് പരിജയപ്പെടുത്തുന്ന തിനായി പ്രദർഷിപ്പിക്കുന്നു. ലഘു വിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ രണ്ട് ദിവസം രണ്ട് പുസ്തകം | | 1000 |

പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്ന'പിറന്ന ാൾപുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : ഉച്ചബാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചബാഷിണിയിലൂ ടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 4

പേര് : സ്കൂൾ ലൈബ്രറി (വായനാ കോർണർ )

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | പി ടി എ പ്രാദേശിക ക്ലബ്ബുകൾ | 5000 |

പ്രവർത്തനം : 4

പേര് : സ്കൂൾ ലൈബ്രറി (വായനാ കോർണർ )

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | പി ടി എ പ്രാദേശിക ക്ലബ്ബുകൾ | 5000 |

പ്രവർത്തനം : 7

പേര് : ക്ലാസ്സ്തല പതിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ ക്ലാസ്സിലെ വിവരങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ്സ്തല പതിപ്പുകൾ തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : എന്റെ വായനാകുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

| | | | | |
|---|---|---|---|---|
| | വായനാകാർഡ് )വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | | | |

പ്രവർത്തനം : 9

പേര് : കൈയ്യെഴുത്ത് മാസികകൾ,പ്രിന്റഡ് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരങ്ങളൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ(ചുമര് ചിത്രം,കൈയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന് | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന് | വിദ്യാരംഗം ഭാഷാക്ലബ്ബ് പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകൻ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ് | 2000 |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും | വായനക്കുറിപ്പ്, വായന കാർഡ് എന്നിവ | June to march | Class teacher | 3000 |

| | | | | |
|---|---|---|---|---|
| എഴുതുന്നതിനും പ്രാപ്തരാക്കുക | തയ്യാറാക്കൽ. | | | |

പ്രവർത്തനം : 12

പേര് : സചിത്രപാഠ രൂപീകരണം

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി നേടൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | June to march | All teachers | 5000 |

പ്രവർത്തനം : 13

പേര് : പാട്ടരങ്ങ്

ഉപമേഖല : ഭാഷാ സമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപ്രകടനം ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിച്ച് അതിന്റെ അവതരണം. | June to march | Class teachers malayalam club | 4000 |

പ്രവർത്തനം : 14

പേര് : നാട്ടുവിശേഷം കൂട്ടെഴുത്ത്

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്ത്നൈപുണ്യ | കുട്ടികളുടെ നാട്ടു പരിചയത്തെ | June to march | PTA | 5000 |

| | | | | |
|---|---|---|---|---|
| ഠ, സമഗ്ര ചിന്താശേഷി ദേശീയ വിവേകബോധം എന്നിവ വികസിപ്പിക്കുക. | ആസ്പദമാക്കി കൂട്ടായ ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾ അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം. | | | |

പ്രവർത്തനം : 15

പേര് : റീഡേഴ്സ് തിയേറ്റർ

ഉപമേഖല : വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന താൽപര്യവും, അഭിനയം വഴി വ്യക്തിത്വ വികസനവും ആണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാപാത്രങ്ങൾ, സംഭാഷണ ശൈലി എന്തിന് ഉപയോഗിച്ച് വായനാ അവതരണം നടത്തുന്നു. | All months | Class teacher | 2000 |

പ്രവർത്തനം : 16

പേര് : ഭാഷോത്സവം

ഉപമേഖല : ഭാഷ കാര്യക്ഷമത്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, | പ്രസംഗം, കഥ പറയൽ, കവിത പാരായണം, | June to march | Malayalam club class teacher | 4000 |

| | | | | |
|---|---|---|---|---|
| ഭാഷ നൈപുണ്യം പ്രകടിപ്പിക്കുക. | പോസ്റ്റർ നിർമ്മാണം | | | |

പ്രവർത്തനം : 17

പേര് : അരങ്ങത്തേക്ക്

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയം അറിയിക്കാൻ സഹായിക്കുക | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | June to march | PTA Club | 5000 |




Activity : 1
Name : English Assembly

| Aim | Activities | Term | In charge | Fund |
|---|---|---|---|---|
| | Once in a week to conduct an English assembly and participate class wise to present English Activities | Once in a week | English club | |

Activity : 2
Name : English Diary(3,4 classes)

| Aim | Activities | Term | In charge | Fund |
|---|---|---|---|---|
| To improve English writing | To write diary in daily | July to march | Class teacher | |

Activity : 3
Name : English bulletin

| Aim | Activities | Term | In charge | Fund |
|---|---|---|---|---|
| To give them a chance to make creativity in English | June to march make a bulletin in a specific subject. Ex : June : Reading day July : Chandradinam | Monthly | English club | |

Activity : 4
Name : Reading card workshop

| Aim | Activities | Term | In charge | Fund |
|---|---|---|---|---|
| To make children for reading and writing in English | To make English reading cards with the help of parents to conduct a workshop in school | June to march | English club | |

Activity : 5
Name : Workshop worksheet

| Aim | Activities | Term | In charge | Fund |
|---|---|---|---|---|
| To make English language easier. | To conduct a workshop for parents and students | August | English club SRC | |




പ്രവർത്തനം : 1

പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല

ഉപമേഖല : വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റുകളിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടൈമിന്റെയും തുടക്കത്തിൽ | SSG | |

പ്രവർത്തനം : 2

പേര് : ഗണിത ലാബ് (ഗണിത മധുരം)

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ മാനേജ്മെന്റ് | |

പ്രവർത്തനം : 3

പേര് : ഗണിത മൂല

ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിദാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസുകളിലും ഗണിത മൂലകൾ ക്രമീകരിക്കൽ( മഞ്ചാടി, കളി നോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പു വരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : ഗണിത ക്ലാസ് പിടിഎ

ഉപമേഖല : സി പി ടി എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്ന് ഉറപ്പാക്കൽ. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ഗണിത മധുരം

ഉപമേഖല : ഗണിതകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | |




പ്രവർത്തനം : 1

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഉണങ്ങും വിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |

പ്രവർത്തനം : 2

പേര് : എന്റെ പരീക്ഷണം( കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : പരീക്ഷണ കിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും(3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾ കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

| | | | | |
|---|---|---|---|---|
| | സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ. | | | |

പ്രവർത്തനം : 4

പേര് : പരീക്ഷണോത്സവം

ഉപമേഖല : ശാസ്ത്രാന്വേഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താല്പര്യവും മനശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതും ആണ് പരീക്ഷണ ഉത്സവത്തിലൂടെ ലക്ഷ്യമിടുന്നത്. | എല്ലാ മാസവും | ക്ലാസ് ടീച്ചർ, ശാസ്ത്ര ക്ലബ്ബ് | |

## രാസലഹരി, മൊബൈൽ അഡിക്ഷൻ



പ്രവർത്തനം : 1

പേര് : രാസ ലഹരി, മൊബൈൽ അഡിക്ഷൻ

ഉപമേഖല : ശാരീരിക, മാനസിക, ആരോഗ്യ ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയു ം വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം ഉപദേശക സംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യയന തുടക്കത്തിൽ | ആരോഗ്യവകുപ്പ്, പോലീസ് SITC | |